## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 388** 29. 06. 2016 ൽ മറുപടിക്ക്

### ലാഭപ്രഭ പദ്ധതി

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
" കെ.മുരളീധരൻ
" വി.റ്റി.ബൽറാം
" എ.പി.അനിൽകുമാർ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് 'ലാഭപ്രഭ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ)&(ബി) ഉണ്ട്. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം |
| (സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്? | (സി) 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 മാർച്ച് 1 മുതൽ മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ 2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77% അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മെയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ